**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3700** **14-07-2022 - ൽ മറുപടിയ്ക്ക്**

**മൃഗശാലകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണത്തിനും സൗന്ദര്യവത്ക്കരണത്തിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തിരുവനന്തപുരം മൃഗശാലയുടെ വികസന പ്രവർത്തനങ്ങൾക്കായി 20 വർഷത്തെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങി മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്ത നവീകരണ പ്രവർത്തികൾ നടത്തി വരികയാണ്. തിരുവനന്തപുരം മൃഗശാലയിൽ ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളതും, നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>1. അക്വേറിയത്തിന്റെ നവീകരണം.<br><br>2. വിദേശപക്ഷികളെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.<br><br>3. കാട്ടുപോത്തുകൾക്കുവേണ്ടിയുള്ള വിശാലമായ പരിബന്ധനം.<br><br>4. ഹിമാലയൻ കരടിയെ പാർപ്പിക്കുന്ന പരിബന്ധനത്തിൽ സ്ക്യൂസ് കൂടിന്റെ നിർമ്മാണവും നവീകരണ പ്രവൃത്തികളും.<br><br>5. സ്മാർട്ട് ഷീ ടോയ്‌ലറ്റ്.<br><br>6. കറുത്ത അരയന്നങ്ങളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനം.<br><br>7. കടുവകളെ പാർപ്പിച്ചിരിക്കുന്ന കൂടുകളുടെ നവീകരണം.<br><br>8. ചിത്രശലഭ പാർക്ക്<br><br>9. കോമ്പൗണ്ട് മതിലിന്റെയും ഫെൻസിംഗിന്റെയും നവീകരണം.<br><br>10. കുരങ്ങ് വർഗ്ഗത്തിൽപ്പെട്ട മൃഗങ്ങളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനങ്ങളുടെ നവീകരണം. |

11. ഒട്ടകപ്പക്ഷികളെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

12. പന്നിമാൻ, കൃഷ്ണമൃഗം, സിംഹം എന്നിവയെ പാർപ്പിക്കുന്ന പരിബന്ധനങ്ങളുടെ നവീകരണം.

13. മൃഗശാലാ പ്രവേശനകവാട കോംപ്ലക്സിന്റെയും കോമ്പൗണ്ട് മതിലിന്റെയും സംരക്ഷണ പ്രവർത്തികൾ.

14. കാണ്ടാമൃഗത്തിനെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

15. ലംഗൂറുകളെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനങ്ങളുടെ നവീകരണം.

16. ആഫ്രിക്കൻ കാട്ട്പോത്തിനെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

17. മയിലുകളെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

18. ഹിപ്പോപോട്ടാമസിനെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

19. പുള്ളിപ്പുലികളെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

20. പാമ്പുകളെ പാർപ്പിക്കുന്ന പരിബന്ധനത്തിന്റെ നവീകരണം.

21. മൃഗശാലാ ആശുപത്രിയുടെ സംരക്ഷണ പ്രവൃത്തി.

22. സന്ദർശകർക്കായി റെയിൻ ഷെൽട്ടറിന്റെ നിർമ്മാണം.

23. മൃഗശാലയിലെ ബാരിക്കേഡുകളുടെ അറ്റകുറ്റപ്പണികളും, പുതിയവ സ്ഥാപിക്കലും.

24. പോസ്റ്റ്മോർട്ടം മുറിയുടെ നിർമ്മാണം.

25. ഇന്റർപ്രിട്ടേഷൻ സെന്ററുകൾ സ്ഥാപിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു.

26. ക്വാറന്റൈൻ സ്റ്റേഷന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

27. കരപക്ഷികൾക്കുവേണ്ടിയുള്ള വിശാലമായ പരിബന്ധനത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | 28. കോഫി ടേബിൾ ബുക്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.<br><br>തിരുവനന്തപുരം മൃഗശാലയിൽ സന്ദർശകർക്കായി ബാറ്ററി വാഹനങ്ങൾ, കുടിവെള്ള കിയോസ്കുകൾ, ഇ-ടോയ്‌ലറ്റുകൾ, സ്മാർട്ട് ഷീ ടോയ്‌ലറ്റ്, ഭിന്നശേഷിക്കാർക്കായി വീൽചെയറുകൾ, റാമ്പുകളോട് കൂടിയ ഇ-ടോയ്‌ലറ്റ്, ഭക്ഷണം കഴിക്കുന്നതിനുള്ള ഡൈനിംഗ് ഏര്യ എന്നീ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>തൃശ്ശൂർ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റുന്നതിനാൽ നവീകരണ പ്രവൃത്തികൾ നടത്തുന്നില്ല. |
| (ബി) | മൃഗശാലകളിൽ ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | മൃഗശാലകളിൽ ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സംവിധാനം നിലവിലില്ല. NIC കേരള സ്റ്റേറ്റ് സെന്ററുമായി ചേർന്ന് സന്ദർശകർക്ക് ഓൺലൈൻ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| (സി) | പൊതുജനങ്ങൾക്ക് മൃഗശാലകളെക്കുറിച്ച് അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ നൽകാമോ? | (സി) | പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും ഉപയോഗ പ്രദമായ രീതിയിൽ മൃഗശാലയെക്കുറിച്ചുള്ള വിവരങ്ങളടങ്ങിയ മൊബൈൽ ആപ്ലിക്കേഷൻ "Trivandrum Zoo App" കെൽട്രോൺ മുഖേന തയ്യാറാക്കി പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി പ്ലേ സ്റ്റോറിൽ ലഭ്യമാക്കിയിട്ടുണ്ട്. മൊബൈൽ ആപ്ലിക്കേഷൻ ഐ ഫോണിന്റെ ഒ.എസ് പ്ലാറ്റ്ഫോമിലും, ആൻഡ്രോയിഡിലും പ്രവർത്തിക്കുന്ന വിധമായാണ് തയ്യാറാക്കിയിട്ടുള്ളത്. മികച്ച മൊബൈൽ ആപ്ലിക്കേഷന്റെ അവാർഡിനുള്ള സർക്കാരിന്റെ ചുരുക്കപ്പട്ടികയിൽ മൃഗശാലയെക്കുറിച്ചുള്ള ആപ്പ് ഇടം നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ